പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *58 12.06.2012 ൽ മറുപടിയ്ക്ക്

ബൈതരണി കൽക്കരിപ്പാടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി ഉൽപ്പാദനത്തിനായി കേരളത്തിന് അനുവദിച്ച ബൈതരണി കൽക്കരിപ്പാടത്തിൽ നടക്കുന്ന വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; | (എ) KSEB, ഗുജറാത്ത് പവർ കോർപ്പറേഷൻ ലിമിറ്റഡ് (GPCL), ഒറീസ്സ ഹൈഡ്രോ പവർ കോർപ്പറേഷൻ (OHPC), എന്നിവയ്ക്ക് സംയുക്തമായി അനുവദിച്ച ബൈതരണി വെസ്റ്റ് കൽക്കരി ബ്ലോക്ക് വികസിപ്പിക്കുന്നതിനും, അതിൽ നിന്നും കൽക്കരി ഖനനം ചെയ്യുന്നതിനുമായി ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് (BWCCL) എന്ന പേരിൽ ഒരു കമ്പനി 2008 ഏപ്രിൽ 22 ന് KSEB, GPCL, OHPC എന്നിവ സംയുക്തമായി രൂപീകരിച്ചു. കൽക്കരി ബ്ലോക്ക് വികസിപ്പിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ BWCCL എടുത്തുവരുന്നുണ്ട്. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ CMPDIL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ മൈനിംഗ് പ്ലാൻ തയ്യറാക്കി കൽക്കരി മന്ത്രാലയത്തിന്റെ അനുമതി നേടിയിട്ടുണ്ട്. പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിനുള്ള അനുമതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും |

ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പഠനം നടന്നുവരികയാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അനുമതിയ്ക്കായി ഒഡീഷാ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പഠനങ്ങളും BWCCL നടത്തിവരുന്നു.

(ബി) കൽക്കരി ഖനന നടപടികൾ സമയബന്ധിതമായി പുരോഗമിക്കാത്തതിനാൽ കേരളത്തിനുള്ള അനുമതി റദ്ദാക്കുന്നതിന് മുന്നോടിയായി കേന്ദ്ര ഗവൺമെന്റിൽ നിന്നും നോട്ടീസ് ലഭിച്ചിട്ടുണ്ടോ;

(ബി) കൽക്കരിപ്പാടം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ, ജിയോളജിക്കൽ റിപ്പോർട്ട് തയ്യാറാക്കി 4 വർഷത്തിനകം കൽക്കരി ഉൽപ്പാദനം ആരംഭിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലേക്കായി കൽക്കരിപ്പാടം വികസിപ്പിക്കുന്ന പ്രക്രിയയുടെ വിശദമായ സമയക്രമം കൽക്കരി മന്ത്രാലയം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ ഈ സമയക്രമം കൃത്യമായി പാലിയ്ക്കാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് കേന്ദ്ര കൽക്കരി മന്ത്രാലയം നോട്ടീസ് അയച്ചിട്ടുണ്ട്. ഇതിനകം കാലതാമസം വന്നിട്ടുള്ള പ്രധാനപ്പെട്ട ജോലികളും അവയുടെ കാരണങ്ങളും ചുവടെ ചേർക്കുന്നു.

- മൈനിംഗ് പ്ലാനിന് അംഗീകാരം ലഭിക്കുന്നതിലുണ്ടായ കാലതാമസം.

  കൽക്കരി മന്ത്രാലയത്തിന്റെ ഷെഡ്യൂൾ പ്രകാരം 2009 ഫെബ്രുവരി 6 നകം മൈനിംഗ് പ്ലാൻ അംഗീകരിക്കേണ്ടതാണ്. ഇതിൻപ്രകാരം 2008 ഡിസംബർ 20 ന് മൈനിംഗ് പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും, എക്സ്പെർട്ട് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി പ്ലാനിന് മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചത് 2009 ഒക്ടോബർ 7 ന് മാത്രമാണ്.

(...3)

- പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിട്ട കാലതാമസം

മന്ത്രാലയം അംഗീകരിച്ച ഷെഡ്യൂൾ പ്രകാരം, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ 2010 ജനുവരി 6 നകം ബന്ധപ്പെട്ട അധികാരികൾക്കു സമർപ്പിക്കേണ്ടതും, 2011 ജൂൺ 6 നകം സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കേണ്ടതുമാണ്. ഇതനുസരിച്ച് 2010 മാർച്ച് 4 ന് അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചെങ്കിലും, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഒഡീഷാ സർക്കാരിൽനിന്നും ഇതുവരെ ലഭിക്കാത്തതിനാൽ ഈ പ്രക്രിയ ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

- പാരിസ്ഥിതിക ആഘാത പഠനത്തിനുള്ള അനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

അംഗീകൃത ഷെഡ്യൂൾ പ്രകാരം 2009 ഡിസംബർ 6 നകമാണ് പാരിസ്ഥിതികാനുമതി ലഭിക്കേണ്ടത്. ഇതിനായുള്ള അപേക്ഷ 2009 സെപ്റ്റംബർ 29 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായെങ്കിലും 2010 മാർച്ച് മുതൽ 2011 മാർച്ച് വരെ കൽക്കരി പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിൽ പരിസ്ഥിതി മന്ത്രാലയം ഏർപ്പെടുത്തിയ മോറട്ടോറിയം കാരണം പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനുള്ള അനുമതി 2011 ജൂൺ 27 ന് മാത്രമാണ് ലഭിച്ചത്. ഇതനുസരിച്ചുള്ള പഠനങ്ങൾ നടന്നുവരികയാണെങ്കിലും, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ,

പാരിസ്ഥിതികാനുമതിയും വനം വകുപ്പിന്റെ അനുമതിയും ലഭ്യമാകുന്നതിന് ഇനിയും കാലതാമസം ഉണ്ടായേക്കാം.

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

(സി) മേൽപ്പറഞ്ഞ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിശദമായ മറുപടി ഇതിനകം കൽക്കരി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ വിവിധ അനുമതികൾ കേന്ദ്ര സർക്കാരിന്റേയും ഒഡീഷാ സർക്കാരിന്റേയും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്നതിൽ വന്നിട്ടുള്ള ഈ കാലതാമസം കണക്കിലെടുത്തും, പദ്ധതിപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിൽ കമ്പനി കാണിക്കുന്ന ആത്മാർത്ഥമായ ശ്രമങ്ങൾ കണക്കിലെടുത്തും, ബൈതരണി കൽക്കരിപ്പാടം വികസിപ്പിക്കുന്നതിനുള്ള സമയക്രമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ കൽക്കരി മന്ത്രാലയത്തോട് അപേക്ഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ